**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 803** **24-06-2026-ൽ മറുപടിയ്ക്ക്**

**ജൽ ജീവൻ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കേന്ദ്രാവിഷ്കൃത പദ്ധതിയായ ജൽ ജീവൻ പദ്ധതി നടപ്പാക്കുന്നതിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ നേട്ടം തൃപ്തികരമല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; പദ്ധതി നടത്തിപ്പിൽ കേരളത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** ദേശീയ തലത്തിൽ 2019-ൽ ജൽജീവൻ മിഷൻ പദ്ധതി ആരംഭിച്ചെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020 ഒക്ടോബറിലാണ്. പദ്ധതി ആരംഭിക്കുമ്പോൾ കേരളത്തിലെ ഗ്രാമീണ വീടുകളിൽ കവറേജ് 25% ൽ താഴെയായിരുന്നു.

പദ്ധതി ആരംഭിക്കുമ്പോൾ പല പ്രദേശങ്ങളിലും കുടിവെള്ള വിതരണ പദ്ധതികൾ ഇല്ലായിരുന്നു. ആയതിനാൽ ഇടങ്ങളിലും പുതുതായി പദ്ധതികൾ ആവിഷ്കരിക്കേണ്ടി വന്നു.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഗ്രാമീണ നഗര സ്വഭാവം വേർതിരിച്ചെടുക്കാൻ കഴിയാത്ത രീതിയിലുള്ള ആവാസ വ്യവസ്ഥയുള്ളത് മൂലം ചെറുപദ്ധതികളിലൂടെ എല്ലാ ഗ്രാമീണ വീടുകളിലും കണക്ഷൻ എത്തിക്കുക പ്രായോഗികമല്ല. കേരളത്തിൽ പ്രധാനമായും ഉപരിതല ജലസ്രോതസ്സുകൾ അടിസ്ഥാനമാക്കിയുള്ള സുസ്ഥിരമായ അടുത്ത 30 വർഷത്തേക്കു കൂടിയുള്ള ആസൂത്രണത്തോടെ സ്ഥായിയായ കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. കേരളത്തിലെ ഗ്രാമ-നഗര വ്യത്യാസമില്ലാത്ത സാഹചര്യവും, ദീർഘകാല ആവശ്യങ്ങളും സുസ്ഥിരതയും പരിഗണിച്ച് പ്രതിദിനം ഒരു വ്യക്തിക്ക് 100 ലിറ്റർ എങ്കിലും കുടിവെള്ളം ഉറപ്പുവരുത്തുന്ന തരത്തിലുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ പദ്ധതികൾ പൂർത്തിയാക്കുവാൻ കൂടുതൽ സമയം ആവശ്യമാണ്.

പദ്ധതിയുടെ തുടക്കത്തിൽ കോവിഡ് മൂലമുള്ള ലോക്ക് ഡൗൺ സാഹചര്യങ്ങളും മറ്റ് നിയന്ത്രണങ്ങളും കാലതാമസത്തിന് ഇടയാക്കിയിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ഭൂമി ലഭ്യമാകുന്നതിൽ ബുദ്ധിമുട്ടുണ്ട്. ഇതും പദ്ധതിയുടെ പുരോഗതിയെ ബാധിച്ചു. കൂടാതെ, പൊതുനിരത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ദേശീയ പാത, പൊതുമരാമത്ത്, റെയിൽവേ, വനം മുതലായ വിവിധ ഏജൻസികളിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം തുടങ്ങിയവയും പദ്ധതിനിർവ്വഹണത്തിൽ കാലതാമസം വരുത്തിയിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് താരതമ്യേന ബൃഹത് പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ ഉല്പാദന ഘടകങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ കുടിവെള്ള കണക്ഷനുകൾ നൽകുവാൻ സാധിക്കുകയുള്ളൂ.

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള ഫണ്ടിന്റെ അപര്യാപ്തത പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. ഇത് തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിന് നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ അംഗീകാരം ലഭിച്ചു. ആയതിൽ 7000 കോടി രൂപ നബാർഡിൽ നിന്നും അനുവദിക്കുകയും ചെയ്തു.

ഇത്തരം പ്രതിസന്ധികൾക്കിടയിലും പദ്ധതി തുടങ്ങിയതിനുശേഷം അഞ്ചു വർഷംകൊണ്ടു തന്നെ നിലവിലുണ്ടായിരുന്നതിനേക്കാൾ അധികം കണക്ഷൻ നൽകാൻ കഴിഞ്ഞു. 30 ശതമാനത്തോളം വർദ്ധന ഗ്രാമീണ കണക്ഷനുകളുടെ കവറേജിൽ ഈ കാലയളവിൽ കൈവരിക്കാൻ കഴിഞ്ഞു.

നിലവിലുള്ള കുടിവെള്ള കണക്ഷന്റെ ശതമാനത്തെ മുൻ നിർത്തിയാണ് കേരളം മറ്റ് പല സംസ്ഥാനങ്ങളെ അപേക്ഷിച്ച് പുറകിലായതായി നിരീക്ഷിക്കപ്പെടുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് സുസ്ഥിരത ഉറപ്പാക്കുന്ന ബൃഹത് പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ ഉല്പാദന ഘടകങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ കുടിവെള്ള കണക്ഷനുകൾ നൽകുവാൻ സാധിക്കുകയുള്ളൂ. നാളിതുവരെ (17.06.2026) 21.40 ലക്ഷം കണക്ഷനുകൾ നൽകി. ഇതു കൂടാതെ 8.27 ലക്ഷം കണക്ഷനുകൾ HTC ആയി നൽകിയിട്ടുണ്ട്. സ്കീമുകളുടെ പ്രൊഡക്ഷൻ കമ്പോണന്റുകളുടെ പൂർത്തീകരണത്തോടെ ഈ കണക്ഷനുകളിലും കുടിവെള്ളമെത്തിക്കുവാൻ കഴിയും. ഇപ്പോൾ കുടിവെള്ളം നൽകുവാൻ കഴിയാത്ത ഈ 8.27 ലക്ഷം കണക്ഷനുകളെ സംസ്ഥാനം ഇപ്പോൾ FHTC കണക്കിൽ ദേശീയ തലത്തിൽ നൽകിയിട്ടില്ല. ഇതും സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കണക്ഷൻ നൽകുന്നതിൽ പിന്നിലാണെന്നുള്ള നിരീക്ഷണത്തിന് കാരണമാണ്.

ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും പദ്ധതി ആദ്യം നിശ്ചയിച്ച കാലയളവിൽ പൂർത്തിയാക്കാത്തതിനാലും നൽകിയ കണക്ഷനുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ കഴിയാത്തതിനാലും പദ്ധതി പൂർത്തീകരണ കാലാവധി കേന്ദ്ര സർക്കാർ ഡിസംബർ 2028 വരെ നീട്ടിയിട്ടുണ്ട്.

പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 4 ജില്ലകളിൽ മാത്രമാണ് 25 ശതമാനത്തിന് മുകളിൽ കുടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത്. (ആലപ്പുഴ, എറണാകുളം, തിരുവനന്തപുരം, തൃശ്ശൂർ).

ഇപ്പോൾ 7 ജില്ലകൾ 50% ന് മുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ).

3 ജില്ലകൾ 45% ന് മുകളിൽ കവറേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം). മറ്റു ജില്ലകൾ – 30% ന് മുകളിൽ കവറേജ് കൈവരിച്ചു.

പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100% കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 123 പഞ്ചായത്തുകൾ 100% കവറേജ് കൈവരിച്ചു.

9 നിയമസഭാ മണ്ഡലങ്ങളും 100% കവറേജ് കൈവരിച്ചു. (ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അരൂർ, വൈക്കം).

വിവിധ സ്കീമുകളിലായി നാളിതുവരെ 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവർത്തികളിൽ 3458 പ്രവർത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1490 പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ബാക്കി പ്രവർത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

**(ബി)** പ്രസ്തുത പദ്ധതിയുടെ പുരോഗതി മന്ദഗതിയിലായതിന് കാരണം വിശകലനം ചെയ്തിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. കരാറുകാർക്ക് സമയബന്ധിതമായി ബില്ല് കുടിശ്ശിക നൽകാത്തതുമൂലം പ്രവർത്തികൾ മന്ദഗതിയിലായിട്ടുണ്ട്.

2024-25 വർഷത്തേക്കുള്ള എല്ലാ നിബന്ധനകളും സംസ്ഥാനം പാലിച്ചിട്ടും 2024-25 വർഷത്തേക്കുള്ള രണ്ടാം ഗഡു കേന്ദ്രസർക്കാർ നൽകിയില്ല. 2024 ഒക്ടോബറിന് ശേഷം സംസ്ഥാന വിഹിതം സമയബന്ധിതമായി നൽകിയിട്ടും ആവശ്യമായ എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടും കേന്ദ്രവിഹിതം ലഭ്യമായിട്ടില്ല.

ഈ സാഹചര്യം മറികടക്കാനും മിഷന്റെ പ്രവൃത്തി മുടങ്ങാതിരിക്കാനും കേരള സർക്കാർ മുൻകൂറായി ₹7,500 കോടി സംസ്ഥാനവിഹിതമായി നൽകി. ഇതിൽ ₹7,000 കോടി NABARD വായ്പയും ഉൾപ്പെടുന്നു. ഇതിന്റെ തുല്യ വിഹിതം ഇനിയും കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല.

**(സി)** ദ്രുതഗതിയിലും സമയബന്ധിതവുമായി പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** മിഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഇതുവരെ സൃഷ്ടിച്ച ആസ്തികൾ വേഗത്തിൽ പ്രയോജനപ്പെടുത്തുന്നതിനുമായി, ശേഷിക്കുന്ന പുരോഗമിക്കുന്നതും ഇതുവരെ ആരംഭിക്കാത്തതുമായ പ്രവൃത്തികൾ താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ക്രമീകരിച്ച് മുന്നോട്ട് പോകുവാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

- നിലവിൽ പൂർത്തിയാക്കിയ പ്രവർത്തികളിൽ നിന്ന് പരമാവധി കണക്ഷൻ
- പ്രധാന ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയാക്കി എല്ലാ HTC-കളും പ്രവർത്തനക്ഷമമാക്കുക.
- പരമാവധി FHTC നൽകാനും പരമാവധി വരുമാനം സൃഷ്ടിക്കാനും കഴിയുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകുക.
- ഫീൽഡിലെ അവസ്ഥയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് മുൻഗണനാക്രമങ്ങൾ പരിഷ്കരിച്ച് പ്രവർത്തികൾ പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുക.

പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വിവിധ ഏജൻസികൾ തമ്മിലുള്ള ഏകോപനം നടത്തി പദ്ധതി പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാന തലത്തിൽ മിഷൻ ഡയറക്ടർക്ക് പുറമേ ഉന്നതാധികാര സമിതിയായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാന മിഷൻ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാ ജല ശുചിത്വ മിഷൻ, പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ഗ്രാമ പഞ്ചായത്ത് ജല ശുചിത്വ കമ്മിറ്റികളും പ്രവർത്തികളുടെ മേൽനോട്ടത്തിനായി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്.

വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും പ്രവർത്തികളുടെ നിരന്തര വിലയിരുത്തലു കളിലൂടെയും തടസ്സങ്ങൾ നീക്കി പദ്ധതി തടസ്സങ്ങൾ ലക്ഷ്യത്തിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**